"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി - കോഴിക്കോട് മെഡിക്കൽ കോളേജ് കാമ്പസ് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കിഫ്ബി അംഗീകരിച്ച മാസ്റ്റർ പ്ലാനിൽ നിന്നും വ്യതിചലിച്ച് ക്ലാസ് റൂമിന് പകരം ഒഡിറ്റോറിയം നിർമ്മിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യസ (എം) വകുപ്പ്**

G.O.(Ms)No.104/2020/GEDN തീയതി,തിരുവനന്തപുരം, 30/04/2020

---

പരാമർശം:- 1 20/05/2017 ലെ സ.ഉ (സാധാ)നം.1456/2017/പൊ.വി.വ

2 22/05/2017- ലെ സ.ഉ (സാധാ) നം. 1486/2017/പൊ.വി.വ

3 26/12/2019 ലെ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കത്ത് നം. എഫ്.എ-5/1745/2019/KIIFB

**ഉത്തരവ്**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ മികവിന്റെ കേന്ദ്രമായി ഉയർത്തപ്പെടുന്ന സ്കൂളുകളുടെ പദ്ധതി നിർവ്വഹണത്തിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (Special Purpose Vehicle) "കൈറ്റ്" നെ (Kerala Infrastructure and Technology for Education, KIITE) ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി ഉൾപ്പെടുത്തിയ കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ കോഴിക്കോട് മെഡിക്കൽ കോളേജ് കാമ്പസ് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പരാമർശം (2) പ്രകാരം 5,54,61,471.22 രൂപയുടെ (അഞ്ച് കോടി അമ്പത്തിനാല് ലക്ഷത്തി അറുപത്തിയൊന്നായിരത്തി നാന്നൂറ്റി എഴുപത്തിയൊന്ന് രൂപ മാത്രം) ഭരണാനുമതി ഉത്തരവ് നൽകിയിരുന്നു. പ്രസ്തുത നിർമ്മാണ പ്രവർത്തികളുടെ ബില്ലുകൾ കിഫ്ബിയുടെ പോർട്ടലിൽ എസ്.പി.വിയായ കൈറ്റ് അപ് ലോഡ് ചെയ്യുന്ന മുറയ്ക്കാണ് കിഫ്ബി തുക അനുവദിച്ച് നൽകുന്നത്.

3) പ്രസ്തുത പ്രവർത്തി പൂർത്തിയാക്കി 75% പാർട്ട് ബില്ല് അനുവദിച്ച് നൽകുന്നതിനായി കൈറ്റ് കിഫ്ബിയിൽ ബില്ലുകൾ അപ് ലോഡ് ചെയ്യുകയും, പ്രമാണങ്ങളുടെ അടിസ്ഥാന പരിശോധനയ്ക്കു ശേഷം കിഫ്ബിയുടെ പേയ്മെന്റ് നയങ്ങൾക്ക് അനുസൃതമായി കിഫ്ബി തുക അനുവദിച്ചു നൽകുകയും ചെയ്തു. എന്നാൽ കിഫ്ബി അംഗീകിരിച്ച മാസ്റ്റർ പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ

നടത്തിയതിനാൽ ബാക്കി തുക അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് കിഫ്ബി കൈറ്റിനെയും സർക്കാരിനേയും അറിയിച്ചു. അക്കാദമികേതര ആവശ്യങ്ങൾക്കായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഫണ്ട് ലഭ്യത വളരെ കുറവായിരിക്കുകയും, എന്നാൽ അക്കാദമിക ആവശ്യങ്ങൾക്കായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിവിധ സ്രോതസ്സുകളിൽ നിന്നും ഫണ്ട് ലഭ്യമാകുമെന്നുമുള്ള പ്രാധാന്യം കൂടി കണക്കിലെടുത്തത് മൂലമാണ് മാസ്റ്റർ പ്ലാനിൽ ഇത്തരത്തിലുള്ള മാറ്റം വരുത്തി നിർമ്മാണ പ്രവർത്തനം ടി സ്കൂളിൽ നടത്തിയിട്ടുള്ളതെന്നും, മനപൂർവ്വമായ മാറ്റം വരുത്തലുകളൊന്നും സംഭവിച്ചിട്ടില്ലെന്നും, എല്ലാ പങ്കാളികളുടെയും അറിവോടെ പ്രാരംഭ ഘട്ടത്തിൽ തന്നെ മുഴുവൻ ഉദ്യമവും നടത്തിയതായും, തുടർന്ന് ടി സ്കൂളിൽ ഇതിനകം തന്നെ പ്രവൃത്തികൾ നടന്നിട്ടുണ്ടെന്നും കൈറ്റ് കിഫ്ബിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, മാസ്റ്റർ പ്ലാനിൽ മാറ്റം വരുത്തി നടത്തിയ നിർമ്മാണ പ്രവർത്തികൾക്ക് സർക്കാരിന്റെ പ്രത്യേകാനുമതി ആവശ്യമാണെന്ന് അറിയിച്ച് പരാമർശം (3) പ്രകാരം കിഫ്ബി സർക്കാരിന് കത്ത് നൽകി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി ഉൾപ്പെടുത്തിയ ജി.എച്ച്.എസ്.എസ് മെഡിക്കൽ കോളേജ് കാമ്പസ്, കോഴിക്കോട് സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കിഫ്ബി ബോർഡ് അംഗീകരിച്ച മാസ്റ്റർ പ്ളാനിൽ നിന്നും വ്യതിചലിച്ച് ക്ളാസ് മുറികൾക്ക് പകരമായി ഓഡിറ്റോറിയം നിർമ്മിച്ച നടപടി സാധൂകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A. SHAJAHAN
SECRETARY

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്) കേരള, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (മന്ത്രി സഭാ യോഗം ഇനം. നം.3948)
ധനകാര്യ (ഇൻഫ്രാ) വകുപ്പ്
ഐ & പി.ആർ.ഡി (വെബ് & ന്യൂമീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by PARVATHY S A
Date: 2020.04.30 14:31:50 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്